പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3738 — 24.06.2014-ലെ മറുപടിയ്ക്ക്

## നിക്ഷേപ സുരക്ഷാ ഫണ്ട് ബോർഡ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>,, വർക്കല കഹാർ<br>,, സണ്ണി ജോസഫ്<br>,, പാലോട് രവി | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) നിക്ഷേപക സുരക്ഷാ ഫണ്ട് ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ബോർഡിന്റെ പ്രവർത്തനങ്ങൾ വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (എ) യും (ബി) യും "കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2012" നടപ്പിലാക്കുന്നതിനായി കേരള നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. പ്രാഥമിക വായ്പ സഹകരണ സംഘങ്ങളിൽ ഒരു നിക്ഷേപകൻ നിക്ഷേപിക്കുന്ന നിക്ഷേപങ്ങൾക്ക് പരമാവധി ഒരു ലക്ഷം രൂപ വരെ ഗ്യാരന്റി നൽകുക എന്നതാണ് നിക്ഷേപ ഗ്യാരന്റി സ്കീമിന്റെ ലക്ഷ്യം. ഈ തുക ഒന്നര ലക്ഷം രൂപയായി ഉയർത്തുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. ഇപ്രകാരം നിക്ഷേപങ്ങൾക്ക് ഗ്യാരന്റി നൽകുന്നതിനായി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് ഒരു കോർപസ്സ് ഫണ്ട് രൂപീകരിക്കുന്നതാണ്. നിക്ഷേപം സ്വീകരിക്കുന്ന വായ്പ സഹകരണ സംഘങ്ങളിലെ ഓരോ 100 രൂപ നിക്ഷേപത്തിനും 10 പൈസ വായ്പ സഹകരണ |

[illegible]
വിഹിതമായി കോർപസ്
ഫണ്ടിലേക്ക് അടയ്ക്കേണ്ടതാണ്. കൂടാതെ ആവശ്യമാണെങ്കിൽ ടി ഫണ്ടിലേക്ക് സർക്കാർ വിഹിതവും നൽകാവുന്നതാണ്. ഇപ്രകാരം സ്വരൂപിക്കുന്ന കോർപസ് ഫണ്ട് ജില്ലാ സഹകരണ ബാങ്കുകളിലോ സർക്കാർ ട്രഷറിയിലോ കൂടുതൽ പലിശ കിട്ടുന്ന പ്രത്യേക നിക്ഷേപമായി നിക്ഷേപിച്ച് ടി ഫണ്ട് നിക്ഷേപ ഗ്യാരന്റി നൽകുന്നതിനു മാത്രമായി വിനിയോഗിക്കുക എന്നത് ബോർഡിന്റെ പ്രവർത്തന ലക്ഷ്യത്തിൽപ്പെടുന്നു. കൂടാതെ ടി ഫണ്ട് സ്വരൂപിക്കുന്നതിനും ഫലപ്രദമായി വിനിയോഗിക്കുന്നതിനുമായി സബ്സിഡിയറി ചട്ടങ്ങൾ നിർമ്മിക്കുക, ടി സ്കീമിൽ അംഗങ്ങളെ ചേർക്കുക, അംഗങ്ങളിൽ നിന്നും റിട്ടേണുകൾ സ്വീകരിക്കുക, ഫണ്ട് പരിപാലനത്തിന്റെ ഭാഗമായി റിക്കാർഡുകളും രേഖകളും പരിശോധിക്കുക, ക്ലെയിം നൽകുക എന്നിവ ബോർഡിന്റെ പ്രവർത്തന ലക്ഷ്യത്തിൽപ്പെടുന്നു.

(സി) സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ബോർഡിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(സി) നിക്ഷേപകന്റെ താൽപര്യം സംരക്ഷിക്കുക എന്നതാണ് സ്കീമിന്റെ ലക്ഷ്യം. ലിക്വിഡേഷൻ ഉൾപ്പെടെ ഏത് തരത്തിലുള്ള കാരണത്താലും നിക്ഷേപകന് നിക്ഷേപ തുക ലഭിക്കാതെ വന്നാൽ വായ്പ സഹകരണ സംഘം പ്രീമിയം അടച്ചിട്ടുണ്ടെങ്കിൽ നിക്ഷേപകന് നിക്ഷേപ ഗ്യാരന്റി സ്കീം പ്രകാരം പരിരക്ഷ ലഭിക്കും. ഏതെങ്കിലും കാരണത്താൽ വായ്പ സഹകരണ സംഘത്തിൽ നിന്നും

നിക്ഷേപകന് നിക്ഷേപ തുക
തിരികെ നൽകാൻ
കഴിഞ്ഞില്ലെങ്കിൽ ഒരു ലക്ഷം രൂപ
വരെയുള്ള നിക്ഷേപ തുക നിക്ഷേപ
ഗ്യാരന്റി ഫണ്ട് ബോർഡ്
നിക്ഷേപകന് നൽകുന്നതാണ്.
ഇപ്രകാരമുള്ള ഗ്യാരന്റി
ലഭിക്കുന്നതിനായി നിക്ഷേപകൻ
പ്രത്യേക വിഹിതത്തിൽ ഒന്നും
തന്നെ അടയ്ക്കേണ്ടതില്ല.

| | |
|---|---|
| (ഡി) ഏതെല്ലാം തരം സഹകരണ സംഘത്തിലെ നിക്ഷേപങ്ങൾക്കാണ് സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ സംഘങ്ങൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, അർബൻ സഹകരണ സംഘങ്ങൾ എന്നീ വായ്പ സഹകരണ സംഘങ്ങൾക്കാണ് നിക്ഷേപ സുരക്ഷാ പദ്ധതി നടപ്പിലാക്കി വരുന്നത്.<br>സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ എന്നീ ബാങ്കിംഗ് റഗുലേഷൻ ആക്റ്റിന്റെ പരിധിയിൽ കൂടി പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾക്ക് നിലവിൽ റിസർവ്വ് ബാങ്കിന്റെ നിയന്ത്രണത്തിലുള്ള ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ക്രെഡിറ്റ് ഗ്യാരന്റി കോർപ്പറേഷന്റെ നിക്ഷേപ സുരക്ഷാ സ്കീം ബാധകമാണ്. |

സെക്ഷൻ ഓഫീസർ